നം.CEIA/1484/2026-A3

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : 26-03-2026

## സർക്കുലർ

വിഷയം: - ജലസേചനം-ജീവനക്കാര്യം-എഞ്ചിനീയർ (സിവിൽ) M.T e c h പഠനത്തിനായി 2026-2027 വർഷത്തേയ്ക്ക് ഡിപ്പാർട്ട് മെന്റ് സ്പോൺസർ ക്വാട്ടയിൽ അപേക്ഷ സമർപ്പക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- 04.03.2026 ലെ ഇതേ നമ്പർ സർക്കുലർ

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. 2026-2027 വർഷത്തെ M.Tech, ഡിപ്പാർട്ട്മെന്റ് സ്പോൺസർ ക്വാട്ടയിലേയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചു കൊണ്ട് സൂചന പ്രകാരം സർക്കുലർ നൽകുകയും അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 19.03.2026 വരെ അനുവദിച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷകൾ സമർപ്പിക്കുവാൻ എല്ലാ ജീവനക്കാർക്കും കഴിയാത്തതിനാൽ 2026-2027 വർഷത്തെ M.Tech, ഡിപ്പാർട്ട്മെന്റ് സ്പോൺസർ ക്വാട്ടയിലേയ്ക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 06.04.2026 5 PM വരെ നീട്ടി അനുവദിച്ചു നൽകുന്നു. സൂചനയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ നിലനിൽക്കുന്നതാണ്.

Digitally signed by
BINOY TOMY GEORGE
Date: 26-03-2026
15:52:21

**ചീഫ് എഞ്ചിനീയർ**

നം.CEIA/1484/2026-A3

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : 04-03-2026

**സർക്കുലർ**

വിഷയം: - ജലസേചനം-ജീവനക്കാര്യം- അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) M.Tech പഠനത്തിനായി 2026-2027 വർഷത്തേയ്ക്ക് ഡിപ്പാർട്ട്മെന്റ് സ്പോൺസർ ക്വാട്ടയിൽ അപേക്ഷ സമർപ്പക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :-
1. 06.10.20212 ലെ G.O(Ms)No.69/2012/PWD നമ്പർ സർക്കാർ ഉത്തരവ്
2. 30.05.2013 ലെ G.O(Ms)No47/2013/WRD നമ്പർ സർക്കാർ ഉത്തരവ്
3. 24.02.2014 ലെ G.O(Rt)No378/2014/HED നമ്പർ സർക്കാർ ഉത്തരവ്

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. 2026-2027 വർഷത്തെ M.Tech, ഡിപ്പാർട്ട്മെന്റ് സ്പോൺസർ ക്വാട്ടയിലേയ്ക്കുള്ള അപേക്ഷകൾ ഉടൻ ക്ഷണിക്കുമെന്ന് ഡി.റ്റി.ഇ യിൽ നിന്നും അറിയുവാൻ കഴിഞ്ഞു. ജലസേചന വകുപ്പിലെ ടെക്നിക്കൽ വിഭാഗത്തിലെ ഗസറ്റഡ് ഉദ്യോഗസ്ഥരായിട്ടുള്ളവരിൽ അർഹരായവരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. ടി അപേക്ഷകർ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുള്ളവരും, 10 വർഷത്തെ സർവ്വീസ് കാലയളവ് ബാക്കിയുള്ളവരും ആയിരിക്കണം.

അപേക്ഷകളുടെ Soft copy dce.irrgn.projects@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ (Scanned- pdf format) സമർപ്പിക്കേണ്ടതും അപേക്ഷകളുടെ hard copy 19.03.2026, 5 P M ന് മുമ്പായി ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും തിരുവനന്തപുരം കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

അപേക്ഷയോടൊപ്പം **B.Tech Mark list, Date of Birth Proof, B.Tech Mark in Percentage** (മറ്റ് സ്കോറിംഗ് രീതിയിൽ ആണ് എങ്കിൽ അവയ്ക്ക് തത്തുല്യമായ Percentage ഉറപ്പായും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്) Date of Retirement, **PEN, Mobile No. Probation പൂർത്തിയാക്കിയ ഉത്തരവിന്റെ പകർപ്പ്,** Bio data **എന്നിവ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.** അപേക്ഷകൾ സമർപ്പിക്കുമ്പോൾ എല്ലാ രേഖകളുടേയും ഒരു ഡ്യൂപ്ലിക്കേറ്റ് സെറ്റ് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിലേയ്ക്കായി ഉൾപ്പെടുത്തേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

Digitally signed by
BINOY TOMY GEORGE
Date: 04-03-2026
18:42:44

**ചീഫ് എഞ്ചിനീയർ**